"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല - ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഇ.എം. അബ്ദുൾ അസീസിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2986/2022/LSGD തീയതി,തിരുവനന്തപുരം, 02-12-2022

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 20/09/2017 ലെ ഡി4-1902/2017 നമ്പർ കത്ത്.
2. സർക്കാരിന്റെ 09/05/2018 ലെ ഇപിബി3/192/2017/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ശ്രീ. ഇ.എം. അബ്ദുൾ അസീസ് 10/09/2018 ൽ സമർപ്പിച്ച അപേക്ഷ.
4. സ.ഉ.(സാധാ)നം. 1207/2019/തസ്വഭവ. തീയതി 12/06/2019.
5. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 13/08/2019 ലെ ഡി4-7744/2017 നമ്പർ കത്തും ഔപചാരിക അന്വേഷണ റിപ്പോർട്ട്.
6. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 24/06/2021 ലെ A1-2/17/2021-KPSC നമ്പർ കത്ത്.
7. സർക്കാരിന്റെ 17/11/2021 ലെ ഇപിബി3/192/2017/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
8. പഞ്ചായത്ത് ഡയറക്ടറുടെ 28/09/2022 ലെ PAN/14000/2019-D4(DP) നമ്പർ കത്ത്.

ഉത്തരവ്

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിൽ ശ്രീ. പട്ടയിൽ കീരങ്ങാട് പ്രദീപ് കുമാറിന്റെ ഉടമസ്ഥതയിലുള്ള റീ സർവ്വെ നമ്പർ 61/3, 61/2- ൽ ഉൾപ്പെട്ട 8.34 ആർ വിസ്തീർണ്ണമുള്ള സ്ഥലത്ത് പ്രവർത്തിക്കുന്ന ഹൈസൺ പോളിമേഴ്സ്, എന്ന ചെരുപ്പു നിർമ്മാണ യൂണിറ്റ് അടച്ചുപൂട്ടാനുള്ള ബഹു. ഹൈക്കോടതിയുടെ WP(C) 16398/16 മേലുള്ള 29/04/2016 ലെ ഉത്തരവ് നടപ്പിലാക്കാതെ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ 23/03/2016 ലെ വിധിയുടെ അടിസ്ഥാനത്തിൽ 04/05/2016 ൽ ടി സ്ഥാപനത്തിന് ഡി & ഒ ലൈസൻസ് പുതുക്കി നല്കിയ വീഴ്ചയ്ക്ക് ടി കാലയളവിൻ സെക്രട്ടറിയായിരുന്ന ശ്രീ. ഇ.എം. അബ്ദുൾ അസീസിനെതിരെ അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. അച്ചടക്ക നടപടി സ്വീകരിച്ചു വരവെ

ശ്രീ. അബ്ദുൾ അസീസ് 31.05.2017-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ സർക്കാർ തലത്തിൽ കെ.എസ്.ആർ ഭാഗം 3 ചട്ടം 3 പ്രകാരം തുടർ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

തുടർന്ന് മേൽ ക്രമക്കേടുകൾക്ക് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും പരാമർശം (3) പ്രകാരം ശ്രീ. അബ്ദുൾ അസീസ് പ്രതിവാദപത്രിക സമർപ്പിക്കുകയും ചെയ്തിരുന്നു. പരാമർശം (4) പ്രകാരം ഔപചാരിക അന്വേഷണത്തിനു മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ബഹു. ഹൈക്കോടതി വിധിന്യായം പാലിക്കുന്നതിൽ ശ്രീ. അബ്ദുൾ അസ്സിസിന്റെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചുവെന്ന് വ്യക്തമാണെന്നും ബഹു. ഹൈക്കോടതി വിധി ലഭ്യമാക്കിയതിന് ശേഷം ആയതിന് മുൻപ് ലഭ്യമായ ട്രിബ്യൂണൽ ഉത്തരവിൽ തുടർനടപടികൾ കൈക്കൊണ്ട ടിയാന്റെ നടപടി ക്രമപ്രകാരമല്ലെന്നും പരാമർശം (5) പ്രകാരം മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ ഭാഗം 3 ചട്ടം 3 പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/-രൂപ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിനായി ബഹു.കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പരിഗണനയ്ക്ക് അയച്ചിരുന്നു ആയതിനു ബഹു കമ്മീഷൻ പരാമർശം (6) പ്രകാരം ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം ലഭ്യമാക്കുകയുണ്ടായി.

"ബഹു. കമ്മീഷൻ ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി ചെരുപ്പു നിർമ്മാണ യൂണിറ്റ് അടച്ചു പൂട്ടുന്നതിനായുള്ള ഹൈക്കോടതി ഉത്തരവ് നിലനിൽക്കേ ബഹു.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 4.05.2016 ൽ ലൈസൻസ് പുതുക്കി നൽകിയ നടപടി മുൻഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ, അബ്ദുൾ അസീസിന്റെ ഭാഗത്തുനിന്നും വന്ന ഗുരുതരമായ വീഴ്ചയാണ്. നിബന്ധനകൾ പാലിക്കാതെയാണ് ടി ലൈസൻസ് നൽകിയിരിക്കുന്നത്. ഒരു ഉന്നത ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഇത്തരത്തിലുള്ള വീഴ്ച വന്നത് ന്യായികരിക്കത്തക്കതല്ല. ടിയാന്റെ ഭാഗത്തുനിന്നും വന്ന ഗുരുതരമായ വീഴ്ചക്ക് ആനുപാതികമായ ശിക്ഷയല്ല സർക്കാരിന്റെ ഭാഗത്തുനിന്നും താല്ക്കാലികമായി തീരുമാനിച്ചിട്ടുള്ളതെന്ന് ബഹു.കമ്മീഷൻ നിരീക്ഷിക്കുകയും സർക്കാരിന്റെ താല്ക്കാലിക തീരുമാനമായ 200/- രൂപ വീതം 2 വർഷകാലത്തേക്ക് ശ്രീ. അബ്ദുൾ അസീസിന്റെ പെൻഷനിൽ നിന്നും കുറവു ചെയ്യുക എന്ന ശിക്ഷയോട് കമ്മീഷൻ വിയോജിക്കുകയും ടിയാന്റെ ഭാഗത്തുനിന്നുമുണ്ടായ ഗുരുതരമായ വീഴ്ചയ്ക്ക് ആനുപാതികമായ ശിക്ഷ നല്കേണ്ടതാണെന്ന് സർക്കാരിനെ ഉപദേശിക്കുകയും ചെയ്യുന്നു"

ശിക്ഷയോട് കമ്മീഷൻ വിയോജിക്കുകയും ടിയാന്റെ ഭാഗത്തുനിന്നുമുണ്ടായ ഗുരുതരമായ വീഴ്ചയ്ക്ക് ആനുപാതികമായ ശിക്ഷ നല്കേണ്ടതാണെന്ന് സർക്കാരിനെ ഉപദേശിക്കുകയും ചെയ്തിനെ തുടർന്ന് ശ്രീ.അബ്ദുൾ അസ്സിസിനു ടിയാന്റെ പ്രതിമാസപെൻഷനിൽ നിന്നും 800/- വീതം 4 വർഷത്തേക്ക് കുറവ് ചെയ്തു കൊണ്ട് പരാമർശം (7) പ്രകാരം പുതുക്കിയ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ടിയാൻ നൽകിയ മറുപടിയിൽ ടിയാനെ നേരിൽ കേൾക്കണം എന്ന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 24.03.22, രാവിലെ 11.30 ന് ശ്രീ.അബ്ദുൾ അസ്സിസിനെ ഡപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട അവസരത്തിൽ നേരത്തേ കാരണം കാണിക്കൽ നോട്ടീസിനും ഔപചാരിക അന്വേഷണ റിപ്പോർട്ടിന്മേലും ലഭ്യമാക്കിയ വാദങ്ങൾ തന്നെയാണ് ആവർത്തിച്ചിരിക്കുന്നത്.

എന്നാൽ ശ്രീ. പി.കെ. പ്രദീപ്കുമാർ എന്നവരുടെ ഉടമസ്ഥതയിൽ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന ഹൈസൺ പോളിമേഴ്സ് എന്ന സ്ഥാപനത്തിന് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ടിയാൻ ബഹു. തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച റിവിഷൻ പെറ്റീഷനിൽ (ആർ. പി.100/2015) 23-03-2016 ന് പുറപ്പെടുവിച്ച ഉത്തരവിൽ, ശ്രീ.പി.കെ. പ്രദീപ് കുമാർ സമർപ്പിച്ച ലൈസൻസ് അപേക്ഷയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തീർപ്പ് കല്പിച്ചിട്ടില്ലാത്തതിനാൽ, കേരള പഞ്ചായത്ത് രാജ് ആക്ട് 236(3) പ്രകാരം ഡീംഡ് ലൈസൻസിന് അർഹതയുണ്ട് എന്ന വാദം പരിഗണിച്ചാണ് ടി സ്ഥാപനത്തിന് ലൈസൻസ് പുതുക്കി നൽകണമെന്ന് വിധി പുറപ്പെടുവിച്ചിട്ടുള്ളത് എന്നതിനാൽ മേൽ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, ലൈസൻസ് കൂടാതെയാണ് ചെരുപ്പ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നതെങ്കിൽ അടിയന്തിരമായി ടി യൂണിറ്റ് അടച്ച് പൂട്ടുന്നതിന് സെക്രട്ടറിയ്ക്ക് നിർദ്ദേശം നല്കിക്കൊണ്ടുള്ള WP(c)16398/2016(Y) നമ്പർ കേസിലെ 29/04/2016 ലെ ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പാലിക്കപ്പെടേണ്ടതായിരുന്നോ എന്നതിന്മേലുള്ള അഭിപ്രായവും, WP(c)16398/2016(Y) നമ്പർ കേസിന്റെ ഇപ്പോഴത്തെ അവസ്ഥ, മേൽ കേസുമായി ബന്ധപ്പെട്ട വസ്തുതകൾ പഞ്ചായത്ത്, ബഹു. ഹൈക്കോടതിയെ അറിയിച്ചിരുന്നുവോയെന്നും ഡി&ഒ ലൈസൻസ് പുതുക്കി നൽകിക്കൊണ്ടുള്ള 04.05.2016 ലെ ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോയെന്നും തുടർന്ന് പുതുക്കി നല്കിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങളും അടിയന്തിരമായി ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടുകയുണ്ടായി.

1994 ലെ കേരള പഞ്ചായത്ത് നിയമത്തിലെ വകുപ്പ് 236 (3) മേൽപ്പറഞ്ഞ പ്രകാരമൊഴികെ അപ്രകാരമുള്ള ഏതെങ്കിലും ലൈസൻസിനോ , അനുവാദത്തിനോ വേണ്ടിയുള്ള അപേക്ഷയിന്മേൽ ആ അപേക്ഷ സെക്രട്ടറിക്ക് ലഭിച്ചതിനു ശേഷം മുപ്പത് ദിവസത്തിനകമോ ഏതെങ്കിലും വിഭാഗം സംഗതികൾ സംബന്ധിച്ച് നിർണയിക്കാവുന്ന കൂടുതൽ കാലത്തിനുള്ളിലോ ഉത്തരവ് അപേക്ഷകനെ അറിയിക്കാതിരുന്നാൽ ആ അപേക്ഷ സാധാരണയായി അനുവദിക്കുമായിരുന്ന കാലം വല്ലതുമുണ്ടെങ്കിൽ അക്കാലത്തേക്ക് സാധാരണയായി വിധേയമാക്കപ്പെടുമായിരുന്ന നിയമത്തിനും ചട്ടങ്ങൾക്കും, ബൈലോക്കും എല്ലാ നിബന്ധനകൾക്കും വിധേയമായി അനുവദിക്കപ്പെട്ടിരുന്നതായി കരുതേണ്ടതാണ് ' എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ് . എന്നാൽ ശ്രീ. പ്രദീപ് കുമാർ ബഹു. ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ചിട്ടുള്ള 486/2014 അപേക്ഷയിലെ തീർപ്പിന് വിധേയമായി ശ്രീ.പി.കെ. പ്രദീപ്കുമാർ ഹൈസൺ പോളിമേഴ്സ് എന്ന സ്ഥാപനത്തിൻറെ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ചേലേമ്പ്ര ഗ്രാമപഞ്ചായത്തിൽ 18/02/2016 ന് സമർപ്പിച്ച അപേക്ഷയിൽ തീരുമാനമെടുക്കാമെന്ന് ഭരണസമിതി തീരുമാനിക്കുകയാണുണ്ടായിട്ടുള്ളത്. എന്നാൽ 23/6/2016 ന് 100/2015 റിവിഷൻ പെറ്റിഷനിൽ ബഹു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ വിധി പുറപ്പെടവിക്കുന്നതുവരെ ടി സ്ഥാപനത്തിൻറെ ലൈസൻസ് അപേക്ഷയിൽ സെക്രട്ടറി തീരുമാനമെടുത്തിട്ടില്ലാത്തതാണ്. ആയതിനാൽ ടി ഉത്തരവിൽ ഡീംഡ് ലൈസൻസ് ലഭിക്കാൻ ശ്രീ.പി.കെ. പ്രദീപ്ക്മാറിന് അർഹതയുണ്ടെന്നും ലൈസൻസ് പുതുക്കി നല്കേണ്ടതുമാണെന്നാണ് ബഹു. ട്രൈബ്യൂണൽ ഉത്തരവായിട്ടുള്ളത്. ബഹു ഹൈക്കോടതി WP (C) 16398/2016 നമ്പർ കേസ്സിൽ ലൈസൻസ് ഇല്ലാതെയാണ് ശ്രീ. പ്രദീപ്കുമാറിൻറെ സ്ഥാപനം പ്രവർത്തിക്കുന്നതെങ്കിൽ, ആയത് അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നുള്ള വിധിയിൽ സ്ഥാപനത്തിന് ഡീംഡ് ലൈസൻസിന് അർഹതയുണ്ട് എന്നുള്ളതുകൊണ്ട് ബഹു.ഹൈക്കോടതി വിധി നടപ്പിലാക്കാൻ സാധിക്കുന്നില്ലയെന്ന വിവരം ബഹു .ഹൈക്കോടതി മുമ്പാകെ ബോധിപ്പിക്കുന്നത് സംബന്ധിച്ച് സെക്രട്ടറി നിയമോപദേശം തേടിയിട്ടില്ലായെങ്കിലും വിവരം ബഹു.ഹൈക്കോടതി മുമ്പാകെ അറിയിച്ചിട്ടുള്ളതായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി

ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 4/5/2016 ന് സെക്രട്ടറി അനുവദിച്ച ലൈസൻസ് പിന്നിട് റദ്ദ് ചെയ്തിട്ടില്ലെന്നും സ്ഥാപനത്തിൻറെ ലൈസൻസ് 2019-20 വരെ പുതുക്കി നൽകിയിട്ടുള്ളതാണ് എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തേക്ക് ലൈസൻസ് പുതുക്കുന്നില്ലായെന്നു കാണിച്ച് 19/03/2020 ന് ശ്രീ.പി.കെ. പ്രദീപ് കുമാർ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ടി സ്ഥാപനത്തിന് പിന്നീട് ലൈസൻസ് പുതുക്കി നല്കിയിട്ടില്ലായെന്നും നിലവിൽ മേൽ സ്ഥാപനം പ്രവർത്തിക്കുന്നില്ലായെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പി.കെ. പ്രദീപ്കുമാർ ഹൈസൺ പോളിമേഴ്സ് എന്ന സ്ഥാപനത്തിൻറെ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത 100/2015 റിവിഷൻ പെറ്റിഷനിൽ 23/6/2016 ന് വിധി പുറപ്പെടുവിക്കുന്നതുവരെ ടി സ്ഥാപനത്തിന്റെ ലൈസൻസ് അപേക്ഷയിൽ സെക്രട്ടറി തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ ടി ഉത്തരവിൽ ഡീംഡ് ലൈസൻസ് ലഭിക്കാൻ ശ്രീ.പി.കെ. പ്രദീപ്കുമാറിന് അർഹതയുണ്ടെന്നും ലൈസൻസ് പുതുക്കി നല്കേണ്ടതുമാണെന്നാണ് ബഹു. ട്രൈബ്യൂണൽ ഉത്തരവായിട്ടുള്ളത് എന്നതിനാലും, ബഹു ഹൈക്കോടതി WP (C) 16398/2016 നമ്പർ കേസ്സിൽ ലൈസൻസ് ഇല്ലാതെയാണ് ശ്രീ. പ്രദീപ്കുമാറിന്റെ സ്ഥാപനം പ്രവർത്തിക്കുന്നതെങ്കിൽ, ആയത് അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നുള്ള വിധിയിൽ സ്ഥാപനത്തിന് ഡീംഡ് ലൈസൻസിന് അർഹതയുണ്ട് എന്നുള്ളതുകൊണ്ട് ബഹു.ഹൈക്കോടതി വിധി നടപ്പിലാക്കാൻ സാധിക്കുന്നില്ലയെന്ന വിവരം ബഹു .ഹൈക്കോടതി മുമ്പാകെ അറിയിച്ചിട്ടുള്ള സാഹചര്യത്തിലും, 4/5/2016 ന് സെക്രട്ടറി അനുവദിച്ച ലൈസൻസ് പിന്നിട് റദ്ദ് ചെയ്തിട്ടില്ലെന്നും സ്ഥാപനത്തിന്റെ ലൈസൻസ് 2019-20 വരെ പുതുക്കി നൽകിയിട്ടുള്ളതാണ് എന്നുമുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിച്ചിട്ടുള്ള താല്ക്കാലികശിക്ഷയിൽ ഇളവ് വരുത്തി മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഇ.എം.അബ്ദുൾ അസീസിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/-രൂപ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് നേരത്തേ എടുത്തിട്ടുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. ശ്രീ. ഇ.എം.അബ്ദുൾ അസീസ്, മുൻ സെക്രട്ടറി, ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന).
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. കേരള പബ്ലിക് സർവീസ് കമ്മീഷൻ,-:A1-2/17/2021-KPSC Dtd 24/06/2021 (ആമുഖ കത്ത് സഹിതം)
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി. *(ഫയൽ നം. ഇപിബി3/192/2017/തസ്വഭവ.).*

സ.ഉ.(സാധാ) നം.2986/2022/LSGD

ഉത്തരവിൻ പ്രകാരം

**Signed by Noushad M**
**Date: 05-12-2022 11:50:33**
സെക്ഷൻ ഓഫീസർ